## പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1018 — 12.12.2012-ൽ മറുപടിയ്ക്ക്

**ടൂറിസ്റ്റുകളുടെ സന്ദർശനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) 2012 ജനുവരി മുതൽ നവംബർ 30 വരെ എത്ര വിദേശസഞ്ചാരികൾ കേരളം സന്ദർശിച്ചുവെന്നും ആയതു വഴി സംസ്ഥാനത്തിന് എത്ര കോടി രൂപ ലഭിച്ചുവെന്നും വ്യക്തമാക്കുമോ ; | (എ) 2012 ജനുവരി മുതൽ നവംബർ 30 വരെ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം ഏകദേശം 6,90,486 ആയും ഇതിൽ നിന്നും സംസ്ഥാനത്തിന് 557.42 കോടി രൂപ വരുമാനം ലഭിച്ചതായും കണക്കാക്കുന്നു. |
| (ബി) ഈ കാലയളവിൽ ഏത് രാജ്യത്ത് നിന്നുമാണ് കൂടുതൽ വിദേശ സഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചത് ; | (ബി) 2012 ജനുവരി മുതൽ നവംബർ 30 വരെ ഉള്ള കണക്കുകൾ പ്രകാരം United Kingdom, യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക എന്നീ രാജ്യങ്ങളിൽ നിന്നുമാണ് ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികൾ കേരളം സന്ദർശിച്ചത്. |
| (സി) ഇക്കാലയങ്ങളിൽ ഏറ്റവുമധികം ടൂറിസ്റ്റുകൾ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രം ഏതാണെന്ന് വ്യക്തമാക്കുമോ; | (സി) 2012 ജനുവരി മുതൽ നവംബർ 30 വരെയുള്ള കാലയളവിൽ, കൊച്ചി, തേക്കടി, മൂന്നാർ, ഗുരുവായൂർ എന്നീ കേന്ദ്രങ്ങളാണ് കൂടുതൽ വിനോദ സഞ്ചാരികൾ സന്ദർശിച്ചത്. |
| (ഡി) ഇക്കാലയളവിൽ എത്ര ആഭ്യന്തര ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചുവെന്നും ആയതു വഴി സംസ്ഥാനത്തിന് എന്ത് തുക ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (ഡി) 2012 ജനുവരി മുതൽ നവംബർ 30 വരെയുള്ള കാലളവിൽ ഏകദേശം 90,29,362 ആഭ്യന്തര ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചു. ആയതുവഴി 19.86 കോടി രൂപയുടെ വരുമാനം ലഭിച്ചതായി കണക്കാക്കുന്നു. |

(ഇ) ആഭ്യന്തര - വ ിദേശ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് പുതുതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) കേരള ഗവൺമെന്റ് ഉത്തരവ് പ്രകാരം ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് ഇന്ത്യയ്ക്കകത്തും വിദേശ രാജ്യങ്ങളിലും റോഡ് ഷോകൾ, വ്യാപാര മേളകൾ എന്നിവയും കൂടാതെ നാഷണൽ & ഇന്റർ നാഷണൽ ടി.വി. കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ/ ആയുർവേദ കാമ്പയിൻ, ഡിജിറ്റൽ മാർക്കറ്റിംഗ്, O.O.H, Translates, ഡ്രീം സീസൺ കാമ്പയിൻ, പ്രിന്റ് മീഡിയ, റേഡിയോ കാമ്പയിൻ തുടങ്ങിയവ നടന്നു വരുന്നു.

(എഫ് സംസ്ഥാനത്തിന് വരുമാനം ഉണ്ടാക്കി കൊടുക്കുന്നതിൽ ടൂറിസത്തിന് ഇപ്പോൾ എത്രാമത് സ്ഥാനമാണ് ഉള്ളത്; വ്യക്തമാക്കുമോ ?

(എഫ്) ടൂറിസം വകുപ്പ് ടൂറിസം രംഗത്ത് ലഭ്യമാക്കുന്ന നിക്ഷേപങ്ങളുടേയും, വരവിന്റെയും കണക്കെടുപ്പ് നടത്താറുണ്ട്. എന്നാൽ സംസ്ഥാനത്തിനകത്ത് വിവിധ മേഖലകളുമായുള്ള വരുമാനം താരതമ്യപ്പെടുത്തിയിട്ടില്ല.

എന്നിരുന്നാലും കഴിഞ്ഞ വർഷം കേരളം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിന്നും മൊത്തം 19037 കോടി രൂപയുടെ വരുമാനം സംസ്ഥാനത്തിന് ലഭിച്ചതായി കണക്കാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ